കുടുംബശ്രീ
ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ (പി.ഒ),
കോഴിക്കോട് 673 020

തീയതി : 18/10/2024

പത്രക്കുറിപ്പ്

## കുടുംബശ്രീ സി.ഡി.എസ്സുകളിൽ അക്കൗണ്ടന്റ് ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണസ്ഥാപനതലങ്ങളിലുള്ള അഴിയൂർ, കുരുവട്ടൂർ കുടുംബശ്രീ സി.ഡി.എസ്സുകളിൽ നിലവിലെ ഒഴിവിലേക്കും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേക്കും ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ അക്കൗണ്ടന്റായി നിയമിക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിയമനം എഴുത്തുപരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും. പ്രതിമാസ ശമ്പളം പന്ത്രണ്ടായിരം രൂപ.

അപേക്ഷകൻ/അപേക്ഷക അപേക്ഷ സമർപ്പിക്കുന്ന ജില്ലയിൽ താമസിക്കുന്ന വ്യക്തി ആയിരിക്കണം. എന്നാൽ നിലവിൽ മറ്റു ജില്ലകളിൽ സി.ഡി.എസ് അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കുന്നവർക്ക് ഈ നിബന്ധന ബാധകമല്ല. ടി വ്യക്തി ബന്ധപ്പെട്ട ജില്ലാമിഷൻ കോ ഓർഡിനേറ്ററിൽ നിന്നും ശുപാർശ കത്ത് സമർപ്പിക്കേണ്ടതാണ്. അപേക്ഷക/അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗമോ ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയിരിക്കണം. ആശ്രയ കുടുംബാംഗം/ഭിന്നശേഷി വിഭാഗം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബി.കോം ബിരുദവും ടാലി യോഗ്യതയും, കമ്പ്യൂട്ടർ പരിജ്ഞാനവും (എം.എസ്. ഓഫീസ്, ഇന്റർനെറ്റ് ആപ്ലിക്കേഷൻസ്) ഉണ്ടായിരിക്കണം. അംഗീകൃത ബി.കോം ബിരുദം നേടിയ ശേഷം അക്കൗണ്ടിംഗിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. സർക്കാർ/അർദ്ധസർക്കാർ/സർക്കാർ/ഉടമസ്ഥതയിലുള്ള കമ്പനികൾ/സഹകരണ സംഘങ്ങൾ, സഹകരണബാങ്കുകൾ എന്നിവയിൽ അക്കൗണ്ടിംഗിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പ്രായം 20124 ഒക്ടോബർ 18-ന് 20-നും 35-നും മദ്ധ്യേ. കുടുംബശ്രീ സി.ഡി.എസുകളിൽ അക്കൗണ്ടന്റായി പ്രവർത്തിച്ചവർക്ക് 45 വയസ് വരെ അപേക്ഷിക്കാവുന്നതാണ്.

താൽപ്പര്യമുള്ളവർ അപേക്ഷാഫോറം പൂരിപ്പിച്ച് പരീക്ഷാ ഫീസായി ജില്ലാമിഷൻ കോ ഓർഡിനേറ്റർ കുടുംബശ്രീ കോഴിക്കോടിന്റെ പേരിൽ മാറാവുന്ന 300/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്, വിദ്യാഭ്യാസയോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, സിവിൽ സ്റ്റേഷൻ പി.ഒ, കോഴിക്കോട് 20 എന്ന മേൽവിലാസത്തിൽ 2024 ഒക്ടോബർ 25 ന് 5 മണിക്ക് മുമ്പ് ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. അപേക്ഷാഫോറവും വിശദ വിവരവും www.kudumbashree.org എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും.

ഒപ്പ്

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

District Mission Co-ordinator
Kudumbashree
Civil Station P.O Kozhikode - 673 020

Office of The District Mission Co-ordinator
Civil Station P.O
Kozhikode 20
KUDUMBASHREE